# ക്യംതാ സന്ധ്യാ നമസ്കാരം

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിൻറെ തിരുനാമത്തിൽ, തനിക്കു സ്തുതി.

നമ്മുടെമേൽ തൻറെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

തൻറെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിൻറെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി

കൌമാ

ദൈവമേ! നീ പരിശുദ്ധനാകുന്നു.

ബലവാനേ! നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ!
ഞങ്ങളുടെ മേൽ കരുണയുണ്ടാകണമേ. (മൂന്നു പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.
ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ദൈവമേ! നിനക്കു സ്തുതി.
സൃഷ്ടാവേ! നിനക്കു സ്തുതി.
പാപികളായ നിൻറെ അടിയാരോടു കരുണചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബറെക്മോർ.

## കർത്തൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ. നിൻറെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിൻറെ രാജ്യം വരണമേ. നിൻറെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കു ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## ദൈവമാതാവിനോടുള്ള അപേക്ഷ

കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. നമ്മുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിൻറെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ട-വനാകുന്നു.

ദൈവമാതാവായ വിശുദ്ധ കന്യക മൊർത്ത്മറിയമേ! ഇപ്പൊഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

പട്ടക്കാരൻ.. ശുബ്ഹോ ലാബോ വ്ലബ്രോ വൽറൂഹോ കാദീശോ

ജനം.. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ തന്റെ കരുണയും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നുമെ ന്നേയ്ക്കും ചൊരിയപ്പെടുമാറാകട്ടെ ആമ്മീൻ

ST. MARY'S KNANAYA CHURCH Tampa

പ്രാരംഭപ്രാർത്ഥന

ദൈവമെ! നിൻറെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ. നിൻറെ കരുണയുടെ ബഹുത്വത്തിൻപ്രകാരം എൻറെ പാപങ്ങളെ മായിച്ചുകളയണമെ.

എൻറെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എൻറെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എൻറെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എൻറെ പാപങ്ങൾ എപ്പോഴും എൻറെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിതന്നെ ഞാൻ പാപം ചെയ്തു. നിൻറെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിൻറെ വചനത്തിൽ നീ നീതികരിക്കപ്പെടുകയും നിൻറെ ന്യായവിധികളിൽ നീ ജയിക്കു-കയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എൻറെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിൻറെ ജ്ഞാനത്തിൻറെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിൻറെ സോപ്പാകൊണ്ട് എൻറെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മ-യാക്കണമെ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിൻറെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എൻറെ അസ്ഥികൾ സന്തോഷിക്കും. എൻറെ പാപങ്ങ-ളിൽ നിന്ന് നിൻറെ മുഖം തിരിച്ച് എൻറെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമെ.

ദൈവമെ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിൻറെ ആത്മാവിനെ എൻറെ ഉള്ളിൽ പുതുതാക്കണമെ. നിൻറെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ. നിൻറെ പരിശുദ്ധാത്മാ-വിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിൻറെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരേണമെ. മഹത്വമുള്ള നിൻറെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻറെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എൻ്റെ രക്ഷയുടെ ദൈവമായ ദൈവമെ! രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എൻ്റെ നാവ് നിൻ്റെ നീതിയെ സ്തുതിക്കും. കർത്താവെ! എൻ്റെ അധരങ്ങൾ എനിക്ക് തുറക്കണമെ. എൻ്റെ വായ് നിൻ്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻ്റെ ബലികൾ താഴ്മയുള്ള ആത്മാവാ-കുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻ്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമെ. ഊർശ്ലേമിൻ്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിൻ്റെ ബലിപീഠത്തിൻ-മേൽ കാളകൾ ബലിയായി കരേറും. ദൈവമെ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ഈ നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാ
മാദം മോദിക്കും നാഥാ നിഖിലേശാ കൃപ ചെയ്കെന്നിൽ

നി-ന്നെ മൃതനായവർ കബറിൽ മുദ്രക്കല്ലും
കാവലുമായ് വച്ചാർ നാഥാ! നിഖിലേശാ

മ്-ശീഹാ! വിൺമൺവാസികളെയുത്ഥാനത്താൽ
മോദിപ്പിച്ചവനേ! നാഥാ! നിഖിലേശാ

സൗ-രഭ്യകൂട്ടുമെടുത്താ-ശിഷ്യ സ്ത്രീകൾ
ചെന്നാർ നിൻ കബറിൽ നാഥാ! നിഖിലേശാ

കീ-പ്പായും യോഹന്നാനും സന്തോഷത്താൽ
ഓടി കബറെത്തി നാഥാ! നിഖിലേശാ! ... ബാറെക്മോർ -

(ശുബഹോ) - മെൻഓലം വാദാമൊൽ ഓലം
ഓൽമീനാമ്മീൻ

ദേവാ! സ്തുതി നിൻ കരുണയ്ക്കും രക്ഷകനേ! നിൻ
കൃപയതിനും നിത്യം നാഥാ..... നിഖിലേശാ!..

മസ്മൂർ 140, 141, 118, 116

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോട് നീ ഉത്തരമരുളി ചെയ്ത് എൻറെ വചനങ്ങളെ സൂക്ഷിച്ചുകേട്ട് കൈക്കൊള്ളുകയും ചെയ്യണമേ.

എൻറെ പ്രാർത്ഥന നിൻറെ മുമ്പാകെ ധൂപം പോലെയും, എൻറെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു പോലെയും ഇരിക്കണമേ. എൻറെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എൻറെ വായ്ക്കു കാവൽക്കാരനെയും എൻറെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയട്ടെ. ദുഷ്ടന്മാരുടെ എണ്ണ എൻറെ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എൻറെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ

വിധികർത്താക്കൾ പാറയിൻ മുനയാൽ തടയപ്പെട്ടു. ഇമ്പമുള്ള എൻറെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എൻറെ കണ്ണുകളെ നിൻറെ അടുക്കലേയ്ക്കുയർത്തി, നിന്നിൽ ശരണപ്പെട്ടു. എൻറെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽ-നിന്നു എന്നെ കാത്തുകൊള്ളേണമേ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചുവീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവൻറെ മുമ്പാകെ ഞാൻ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കണികളെ മറച്ചുവച്ചു. ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിൻറെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്തു എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാർ ആയതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കേണമേ. ഞാൻ നിൻറെ നാമത്തെ സ്തോത്രം ചെയ്വാനായിട്ടു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കേണമേ. നീ എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ നിൻറെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻറെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിൻറെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിൻറെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിൻറെ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിൻറെ കൈകളിലിരിക്കുന്നു. നിൻറെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികളെ വച്ചു. എന്നാലും ഞാൻ നിൻറെ കൽപനകളിൽ നിന്നു മാറിപ്പോയില്ല. ഞാൻ നിൻറെ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എൻറെ ഹൃദയത്തിനു ആനന്ദമാകുന്നു. നിൻറെ കൽപനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എൻറെ ഹൃദയം തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻറെ

കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടു എന്നേയ്ക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ... മെനഗാ...

എൻ നാഥാ നിൻ കൃപ നിന്നെ
ഇപ്പാപികളിൽ ചായിച്ചു
നിൻ സ്ളീബാച്ചിറകിൽ തൂങ്ങും
നിൻസഭമേൽ കൃപ തോന്നേണം.

അതിശക്തി മഹത്ത്വങ്ങളതാൽ
മൃതരിടയീന്നേറാറാൻ മ്ശീഹാ!
ദുരിതക്കടലീന്നടിയാരെ
കരുണയൊടെഴുന്നേൽപ്പിക്കേണം.

നിന്നുത്ഥാനത്തിന്റെ വിശു-
ദ്ധോൽസവമാമീദിവസത്തിൽ

നിൻ കൃപയെ സ്തോത്രം ചെയ്വാൻ
ഞങ്ങളുടെ പാപം മോചിക്ക

ക്രോബകൾ ജീവമരത്തോട്ടം,
കാത്തീറയർ മ്ശീഹാക്കബെറും
പള്ളികൾ ദയറാകളുമിന്നീ-
യുത്ഥാനം കൊണ്ടാടുന്നു. ബാറെക്മോർ

(ശുബഹോ) - മെൻഓലം

ശരണത്താലെയുറങ്ങീടും
മൃതരെ മോദിപ്പിച്ചവനേ!
മോദിപ്പിച്ചടിയാരെ നിൻ
വലമാക്കണമുത്ഥാനത്തിൽ സ
ൗമെൻകാലോസ്-കുറിയോലായിസോൻ

പ്രുമിയോൻ

പട്ടക്കാരൻ: നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് കരുണയും മനോഗുണവും യാചിക്കണം.

ജനം: കാരുണ്യവാനായ കർത്താവേ! ഞങ്ങളുടെമേൽ കരുണചെയത് ഞങ്ങളെ സഹായിക്കണമേ

പട്ടക്കാരൻ: സ്തുതിയും, സ്തോത്രവും, പ്രഭയും, പുകഴ്ച യും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും ഇടവിടാതെ കരേറ്റുവാൻ ഞങ്ങൾ യോഗ്യരായിതീരണമേ.

തിരുവിഷ്ടത്താൽ മരണത്തിനായി വരികയും സ്നേഹാധിക്യത്താൽ കബറിലേക്കു പ്രവേശിക്കുകയും ചെയ്ത നല്ലടയവനും, മനുഷ്യരെക്കുറിച്ചു സ്നേഹമുള്ളവനും, സകലത്തിൽ നിന്നും ഉയർന്നിരിക്കുന്ന അത്യുന്നതനും, സ്വഭാവത്താൽ അദൃശ്യനും, നാനാധനങ്ങളും വാരി എടുക്കപ്പെടുന്ന ഭണ്ഡാരമുള്ള ധനവാനും, എല്ലാ ഭാഗങ്ങളിലേക്കും സ്വന്ത നിക്ഷേപങ്ങളെ വിഭജിച്ചു കൊടുക്കുന്നവനുമായ നിനക്കു സ്തുതി. നിനക്ക് സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും, സകല പെരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും

ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു.
ജനം: ആമ്മീ[3] ബ്കുൽഹൂ[3]....

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിച്ചു മായിച്ചു നീക്കി ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ! നിന്റെ സ്നേഹകാരുണ്യത്താൽ എന്റെ കർത്താവേ! എണ്ണപ്പെടുവാൻ പാടില്ലാത്തവണ്ണം വളരെയും വലിയവയുമായ എന്റെ പാപങ്ങളും വിശ്വാസമുള്ള നിന്റെ സകല ജനത്തിന്റെ പാപങ്ങളും മായിച്ച്, ഉത്തമനേ! ദയതോന്നി ഞങ്ങളോടു കരുണചെയ്യണമേ. ദൈവമായ കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നീ ഓർത്തുകൊള്ളണമേ. അതിനാൽ എന്റെ നാഥാ! ഞങ്ങളുടെ മാതാപിതാക്കളുടെയും, സഹോദരീസഹോദരന്മാരുടേയും, ഗുരുക്കാരുടെയും, ഉപദേഷ്ടാക്കാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധിയും മഹത്ത്വവുമുള്ള നിന്റെ സഭയുടെ മക്കളാകുന്ന വിശ്വാസികളായ സകല

മരിച്ചുപോയവരുടെയും ആത്മാക്കളെ നീ ഓർത്തുകൊള്ളണമേ. ദൈവമായ കർത്താവേ! അവരുടെ ആത്മാക്കളെയും, അരൂപികളെയും, ശരീരങ്ങളെയും ആശ്വസിപ്പിച്ചു കരുണയും ആർദ്രതയുമാകുന്ന പനിമഞ്ഞു അവരുടെ അസ്ഥികളിന്മേൽ തളിക്കണമേ. ഞങ്ങളുടെ രാജാവായ മ്ശിഹാ തമ്പുരാനേ! കർത്താധി കർത്താവേ! മഹത്ത്വനാഥാ! ഞങ്ങൾക്കും അവർക്കും പാപപരിഹാരവും, പാപപരിഹാരം ചെയ്യുന്നവനും നീ ആയിരിക്കണമേ. എന്റെ കർത്താവേ, ഞങ്ങളോട് ഉത്തരമരുളിചെയ്തു ഞങ്ങളുടെ തുണയ്ക്കായി എഴുന്നെള്ളണമേ. ഞങ്ങളുടെ സഹായത്തിനെത്തി, ഞങ്ങളെ രക്ഷിച്ചു ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമേ. ദൈവമേ! നിന്റെ കരുണയാൽ സകല കഠിന ശിക്ഷകളും അകറ്റി മായിച്ചു കളയണമേ. കർത്താവേ! നിന്റെ കാരുണ്യത്താൽ കോപവടികൾ ഞങ്ങളിൽ നിന്നു വിലക്കി കടത്തിക്കളയണമേ. സമാധാന മനുഷ്യർക്കുള്ള നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമേ.

നിനക്കിഷ്ടമുള്ളതും, നിന്റെ ദൈവത്വത്തിനു യോഗ്യവും പ്രസാദകരവുമായ ക്രിസ്തീയ അവസാനം ഞങ്ങൾക്കു സൗജന്യമായിത്തരണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.....ആമ്മീൻ

സെദ്റൊ

ഞങ്ങളുടെ ദൈവമായ മ്ശീഹാ! നിന്റെ രക്ഷാകരമായ നടപടിയാലും മനുഷ്യരെക്കുറിച്ചുള്ള നിന്റെ ദിവ്യ സ്നേഹത്താലും, കാതോലികവും, ശ്ലൈഹീകവുമായ നിന്റെ സഭയെ സകല പുറജാതികളിൽ നിന്നും തെരഞ്ഞെടുത്ത് അതിനെ നിന്റെ വിശുദ്ധ രക്തത്താൽ വിലക്കു വാങ്ങി, മഹത്ത്വമുള്ള മണവാട്ടിയാക്കിത്തീർത്തു. ഞങ്ങളെ നിന്റെ മക്കളും അവകാശവുമാക്കിത്തീർക്കുകയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കയും, നിന്നെക്കുറിച്ചുള്ള അറിവിന്റെ യോഗ്യയുള്ള പ്രകാശത്താൽ പ്രശോഭിപ്പിക്കുകയും ചെയ്തിരിക്കുന്നു. കർത്താവേ! ഞങ്ങളും നിന്റെറെ മക്കൾ എല്ലാവരും നിന്റെ ദിവ്യ

കൽപനകൾ ആചരിക്കുകയും, അവയെ ധ്യാനിക്കുകയും, രാവും പകലും നിന്റെ പ്രമാണങ്ങളിൽ പ്രകാരം നടന്നു, നിന്നിൽ സന്തോഷിക്കുകയും ചെയ്യുമാറാകണമെ; ജീവിപ്പിക്കുന്നതായ നിന്റെ സുവിശേഷം ഞങ്ങൾ പ്രസംഗിക്കുകയും, അന്യജാതികളുടെയും സ്വജാതികളുടെയും ഇടയിൽ നിന്റെ ഏവൻഗേലിയോൻ വഹിക്കുകയും, വിശുദ്ധ ശ്ലീഹന്മാരും അറിയിപ്പുകാരായ ദീർഘദർശിമാരും ഞങ്ങൾക്ക് ഒരുക്കിത്തന്നിട്ടുള്ള മാർഗഗ്ഗത്തോടു ചേർന്നു അതിൽകൂടി നടക്കുകയും, അവരുടെ ചൊവുള്ള കാലടികൾ പിന്തുടരുകയും ചെയ്യുമാറാകണമേ. നിന്റെ ദിവ്യ തിരുവിഷ്ടത്താൽ ഞങ്ങൾ എല്ലാവരും പൂർണ്ണതപ്പെടുകയും, നീ അവർക്കു കൊടുത്തിട്ടുള്ള മഹത്ത്വത്തിൽ ഞങ്ങൾ കിരീടം ധരിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമേ. വിശ്വാസികളായ നിന്റെ ജനങ്ങൾക്കു നിന്റെ കൽപനകളുടെ രഹസ്യം ഞങ്ങൾ കാണിച്ചുകൊടുക്കുകയും, ജീവന്റെയും സന്തോഷത്തിന്റെയും വചനം അവരോടു

പ്രസംഗിക്കുകയും, നിന്റെ മഹിമയുള്ള പ്രകാശത്താൽ ഞങ്ങൾ പ്രശോഭിക്കുകയും, നിന്റെ ആത്മീയ ഉറവയിൽ നിന്നു ഞങ്ങൾ ധാരാളമായി പുഷ്ടിപ്പെടുകയും നിന്റെ ജീവപാനീയത്താൽ ഞങ്ങൾ പൂർണ്ണമായി ഇമ്പപ്പെടുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിത്യവും മാധുര്യമുള്ള ഗാനങ്ങളും, ചേർച്ചയുള്ള സ്തുതികളും, കബറിൽ നിന്നുള്ള നിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ മഹത്തരമായ പെരുന്നാളിൽ നിനക്കു കരേറ്റുമാറാകണമേ. എല്ലാ നേരവും ഇടവിടാതെ ആനന്ദകരമായ സ്തോത്രങ്ങൾ നിനക്കും, പ്രത്യേകം മഹത്ത്വമുള്ളതും, അത്ഭുതം നിറഞ്ഞിരിക്കുന്നതും, വിസ്മനീയങ്ങളും മഹിമയുള്ള അതിശയ പ്രവർത്തങ്ങളോടുകൂടിയവയുമായ നിന്റെ ഉയിർത്തെഴുന്നേൽപ്പിനും അണയ്ക്കുമാറാകണമേ. നിന്റെ കരുണയ്ക്കായി നോക്കിപ്പാർക്കുകയും, നിന്റെ കുരിശിൽ തറപ്പിനെ ഏറ്റുപറയുകയും നിന്റെ ദൈവത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന നിന്റെ ഇടവകയ്ക്കു സമാധാനവും നിന്റെ സഭയ്ക്കു നിരപ്പും സൗജന്യമായി

കൊടുക്കണമേ. സത്യവിശ്വസത്തോടു അതിൽ നിന്നു യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസികളായ മരിച്ചുപോയവർക്കു സ്വർഗ്ഗത്തിൽ നിന്നുള്ള നിന്റെ എഴുന്നെള്ളുത്തു ദിവസത്തിൽ നിന്റെ വലതുഭാഗത്തുള്ള ഇമ്പവും ആനന്ദവും കൊടുക്കുണമേ. ഞങ്ങളും വിശ്വാസമുള്ള സഭയുടെ മക്കൾ എല്ലാവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശൊ.....മെൻ ആലോഹൊൻ കാബേൽ....

(ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും, പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും, എന്നെന്നേയ്ക്കും നാം കൈകൊള്ളുമാറാകട്ടെ).

ജനം: ആമ്മീൻ

ധൂപ ഗീതം - ലൊക് മൊറിയോ കോറേനാൻ

നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ട നിൻപാപത്തോയോർ-ത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനായ് കൈപ്പും-കുടിച്ചേൻ ഞാൻ
നഗ്നതയാൽ-നീ ഇലകൾ ചാർത്തി
നഗ്നതയോ-ടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്-കോപം താതന്റെ
ബാറെക്മോർ

മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ചാക്കബറീ-ന്നെഴുന്നേറ്റാൻ
പാപത്തെ കൊലയാൽ കൊന്നാൻ മൃതിയേ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റ കുന്ത-ത്താൽ നീക്കി
തൻകബറാൽ തീർത്താൻ കബർനാശം

തന്നൂത്ഥാനാ-ലിങ്ങുയിരേകി
ഏറ്റിവതാൻ പോക്കി വഴിത്തെറ്റെല്ലാം-ഞങ്ങളുടെ

മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

തൻശുദ്ധശരീരം ഭക്ഷിച്ചുയിരേകും രക്തം
പാനം ചെയ്ത മൃതർക്കായ് നാം-പ്രാർത്ഥിക്ക
അഴിവില്ലാലോകത്തവർ തൻ ദേഹികൾമേലും
പാപതമസ്സാത്മാക്കളിലും വാഴാ-യ്വാൻതന്നെ
അവരാത്മാ-ക്കളെ നീക്കിയ നാഥാ!
ഏറ്റവർ ചൊ-ന്നാർ നിൻ സ്കീപ്പായെ
നിൻ വലഭാഗത്തു നിർത്തീ-ടേണം-നീയവരെ

മൊറിയോറാഹേമ്മേലൈനു ആദാറൈൻ

എത്രൊ

പട്ടക്കാരൻ: ഗോഗുൽത്തായുടെ മുകളിൽ കാഴ്ചയണയ്ക്കപ്പെടുകയും, സ്കീപ്പൂസായിലേക്കുള്ള കരേറ്റത്താൽ ലോകത്തിന്റെ അന്യായം പരിഹരിക്കുകയും ചെയ്ത പുണ്യപ്പെടുത്തുന്ന ബലിയും, സംയോജിപ്പുണ്ടാക്കുന്ന ധൂപകലശവുമായ എന്റെ കർത്താവേ! ബലഹീനരായ നിന്റെ അടിയരായ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന നിസ്സാരമായ ഈ ധൂപം മനുഷ്യരോടുള്ള നിന്റെ സ്നേഹം മൂലം കൈക്കൊള്ളണമേ. അതു നിന്റെ ബഹുമാനത്തിന്റെ മഹാശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുമാറാകണമേ. നിൻന്റെ അടുക്കൽ നിന്നു ഞങ്ങളുടെ കടങ്ങൾക്കും പാപങ്ങൾക്കും പരിഹാരവും മോചനവും അയച്ചുതരികയും നിന്റെ മനുഷ്യസ്നേഹംമൂലം ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. മോറാൻവാലോഹാൻല് ഓൽമ്മീൻ........

ജനം: ആമ്മീൻ.

(ധൂപാനന്തരഗീതം - കുക്കോയോ)

നിൻമുറിവുകളീന്നേറ്റേൻ മൂറോൻമണമെൻ നാഥാ!
നിന്നധരങ്ങളഹോ പട്ടിൻ-നൂലോടൊത്തുള്ളു
    കാണ്മാൻ വന്നോ-നെന്നെ ഭടർ ചുറ്റി
    ഗോഗുൽത്തായി-ക്കവരെ വിട്ടോടി
നിൻ മാർവു തുറന്നും, രക്തം-വാർന്നും കണ്ടേൻ-ഞാൻ
കുരിശാലടിയാരെ കാക്കും-നാഥന്നായ് സ്തോത്രം
        ഹാലേലുയ്യാ-അട്ടഹസിക്കുന്നേൻ. ബാറെക്മോർ.

ശുബ്ഹോ... ഹാലേലുയ്യാ

എന്നെ മയക്കി നിൻ നൽസൗ-ന്ദര്യാ-ശ്ചര്യങ്ങൾ
നിൻ സ്തുതി ദൈവസുതാപാടാൻ സ്വരമിവനില്ലൊന്നും
    പിതൃവലമായ് നി-ന്നെക്കണ്ടേൻ മേലിൽ
    കള്ളന്മാർ ത-ന്നിടയിലുമാഴത്തിൽ
നിൻ ശയ്യ മരിച്ചോർ മദ്ധ്യേ-സ്വർഗ്ഗം നിൻ പീഠം

ഈറയർ മേലും നരർ കീഴും നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ- അട്ടഹസിക്കുന്നു.

മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ..ഹാലേലുയ്യാ

ഞങ്ങൾ തൻ മൃതരേ നീയോ-ർത്തേകീടാശ്വാസം
ചാർത്തി സ്നാനേ മദ്ബഹായിൽ നി-ന്നെയുൾക്കൊണ്ടോർ
നിൻ ശുദ്ധശരീ-രത്തെ ഭക്ഷിച്ച്
നിൻ രക്തക്കൊ-സാ പാനം ചെയ്തോർ
അബ്രാഹത്തൊടു നിൻ രാജ്യ-ത്താനന്ദിച്ചാർത്തും
നിൻ വലമായ് നിന്നും നിന്നെ - സ്തോത്രം ചെയ്യേണം
ഹാലേലുയ്യാ-നൽകീടാശ്വാസം.

ഏവൻഗേലിയോൻ

ഹാലേലുയ്യാ വ് ഹാലേലുയ്യാ
സ്വർഗം സന്തോഷിക്കും ഭൂവാനന്ദി-ക്കും
മ്ശീഹാരാജൻ തന്നുത്ഥാനത്തിൽ-ഹാലേലുയ്യാ

മക്കളിലപ്പൻ കൃപ ചെയ്വതുപോലെ-ഹാലേലൂയ്യാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

പുല്ലിനു തുല്യം നരനുടെ നാൾകളഹോ-ഹാലേലൂയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ

(ശുബഹോ) - മെൻഓലം വാദാമൊൽ ഓലം
ഓൽമീനാമ്മീൻ

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്
സൗമെൻ.....കുറിയേലായിസോൻ

ഭൂ-വാനം നാഥാ നിന്റെ
അധികാരം തേ യവിടെ-ങ്ങും

സ്ലീ-ബായാൽ ദേഹികളെക്കാ
ത്തൻപാൽ മൃതരിൽ കൃ-പചെയ്, ബാറെക്മോർ

മൃ-തജീവദനേ! തേ സ്തോ-ത്രം
ഉയിർ കബറിൽ നൽകും നാ-ഥാ
ത്രി-ത്വത്തിൻ തിരുനാ-മത്തി
ന്നെന്നേയ്ക്കും ഹാലേലു-യ്യാ *മൊറിയോറാഹേ.....*

ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ!
നിൻശൈനോ നൽകിത്തൻ പ്രജയേ കാക്കേണം നീ

ആനന്ദമെഴുന്നീടുമതിന്റെ കോണുകളിൽ നിൻ
ശൈനോ കോട്ടയ്ക്കൊപ്പം മേവിക്കാത്തീടേണം

നിൻ ശ്ലോമോ തൻ വാതിലു കാക്കേണം നിൻ ശെനോ
വന്നങ്ങടി വെപ്പോരെല്ലാരും കണ്ടീടേണം

സ്തുത്യൻ സഭയെ തീർത്തതിനെ കാത്തീടും താതൻ
വന്ദ്യൻ കൊലയാൽ സദ്യയതിന്നേകീടും പു-ത്രൻ

കബറിന്നൂയിർ പൂണ്ടവനാം സൂതനായെല്ലാ ജാതി
ക്കാരിൽ നിന്നും വന്ദനം കൂട്ടും റൂഹാ സ്തുത്യൻ

വിൺമൺലോകർക്കൈക്യം നല്കീടും ശൈനോ നി-
ന്നുത്ഥാനത്താൽ നിൻ സഭയിൽ ശൈനോ നൽകേണം

കാദീശാത്ത് ആലോഹോ

ശുദ്ധൻ നീ ആലോ-ഹോ
ശുദ്ധൻ നീ ബലവാനേ!
ക്രൂശേറ്റോനേ+ മൃതിഹീനാ! പരിശുദ്ധൻ നീ- കൃപ
ചെയ്തീടണമേ. (മൂന്നു പ്രാവശ്യം)

നാഥാ! കൃപ ചെയതീടണമേ
നാഥാ! കനിവാൽ-കൃപചെയ്ക
നാഥാ! കർമ്മവുമർത്ഥനകളു-മേറ്റിട്ടവയാൽ- കൃപ
ചെയ്-തീ-ടണമേ

സ്തോത്രം തേ ദേവേശാ!
സ്തോത്രം തേ-സ്രഷ്ടാവേ!
സ്തോത്രം പാപികളടിയാരിൽ കൃപ-ചെയ്തീടും മ്ശീഹാ
രാ-ജാ-വേ! ബാറെക്മോർ

സുറിയാനി)

കാദീശാ-ത്താലോഹോ........... (മോങ്ങാ)
കാദീശാത്ത്-ഹൈൽസോനോ (മോങ്ങാ)
+കാദീശാത്ത് ലോ-മോയൂ-സോ ദെസ്തലെബ്ത്-
ഫ്ലോഹൈ-ൻ എസ്രാഹാ-മ്മേ...ലൈൻ (3പ്രാവശ്യം)

മോറാൻ എസ്രാ-ഹാമ്മേലൈ.........ൻ
മോറാൻ ഹൂസുറാഹോമ്മേലൈ........ൻ
മോറാൻ കാബെൽ തെശമെശ്ത്താൻ വസ്ലാവോസാൻ എസ്
റാഹാമ്മേലായ്ൻ

ശുബ്ഹോ ലോ-ക് ആലോഹോ
ശുബ്ഹോ ലോ-ക് ബോറൂയോ

ശുബ്ഹോ ലോ-ക് മലക്കൊമ്ശീഹൊ ദ്ഹോയെൻ
ല്ഹാത്തോയെ അബ്ദാ-യ്ക്ക്-ബാറെക്മോർ

പരിശുദ്ധന്മാരുടെ ഓർമ്മദിനത്തിൽ

കാദീശാത്താലോഹോ-മ്കദ്ശോനോ ദ്കാദീശേ (യ്യെ)
കാദീശാത്ത് ഹൈൽസോനോ-മ് ഹൈലോനോ ദസ്ലീത്തേ

കാദീശാത്ത് ലോമോയൂസോ യോഹെബ്കുദ്ശെല്
കാദീശെ- (യ്യെ) +ദസ്ലെബ്ത് മേത്തൂ ലോസാൻ
എദ്രസാഹാമ്മേലെൻ (3 പ്രാവശ്യം)

മോറാൻ എദ്രസാ-ഹാമ്മേലൈ.....ൻ
മോറാൻ ഹുസുറാഹേമ്മേലൈ....ൻ
മോറാൻ കാബേൽ തെശ്ശ്ത്താൻ വസ്ലാവോസാൻ എസ്റാ
ഹാമ്മേലായ്ൻ

ശുബ്ഹോ ലോ-ക് ആലോഹോ
ശുബ്ഹോ ലോ-ക് ബോറൂയോ
ശുബ്ഹോ ലോ-ക് മലക്കോമ്ശീഹൊ ദ്ഹോയെൻ
ല്ഹാത്തോയെ അബ്ദാ-യ്ക്ക്-ബാറെക്മോർ

# ക്യംതാ സുത്താറ

കൗമാ

തെറ്റിന്നിരുളാലാവൃതമാ- മെൻ മനനങ്ങൾ
നിന്നാൽ ശോഭി-ക്കും
    താതാ നിൻ പ്രഭയാലെന്റെ-
    യുൾന-യനങ്ങൾ തുറക്കണമെ
സൃഷ്ടിയെ ശോഭിതമാക്കും നിൻ പ്രഭമൂലം
ഞാൻ സ്തുതി ചെയ്യും നിന്നെ ബാറെക്മോർ -

(ശുബഹോ) - മെൻഓലം വാദാമൊൽ ഓലം
ഓൽമീനാമ്മീൻ.

സ്വർഗം കാംക്ഷിപ്പോനീശനെ നിർമലസ്നേഹാൽ
പ്രീണിപ്പിക്കട്ടെ
    അതിനാ-ലുജ്ജ്വല മണിയറയിൽ

പൂകു-ന്നു, ത്തമരമലർ
അതിവേദനയീ, ന്നനുതാ- പികളതിനാൽ രക്ഷി-
തരായ് സ്വർഗം-നേടും. മൊറിയോറാഹേമേലെൻ ഉ
ആദാറൈൻ

മോർ ബാലായിയുടെ ബോവൂസൊ

പാപികളോടാദ്രതയുള്ളോനേ! നാഥാ!
കാരുണ്യം ചെയ് നിൻ ന്യയതീർപ്പിൻ നാൾ

ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ

സ്വർഗസ്ഥൻ താത! പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടീക്കർമം കാരുണ്യം ചെയ്ക

വിണ്ണവർ തൻ നാഥാ മൺമയരാശയുമേ
കൈക്കൊണ്ടീക്കർമം കാരുണ്യം ചെയ്ക

കുറിയേലായിസോൻ, കുറിയേലായിസോൻ,
കുറിയേലായിസോൻ

മസ്മൂർ 91

ബാറെക്മോർ, അത്യുന്നതൻറെ മറവിലിരിക്കുന്നവനും ദൈവത്തിൻറെ നിഴലിൽ മഹത്ത്വപ്പെടുന്നവനുമായ മനുഷ്യാ!

ബാറെക്മോർ, നീ കർത്താവിനോട് എൻറെ ശരണവും എൻറെ സങ്കേത സ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിൻറെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തൻറെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. അവൻറെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻറെ സത്യം നിൻറെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിൻറെ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും, നിൻറെ വലത്തുഭാഗത്ത് നിന്ന് പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നീ നിൻറെ കണ്ണുകൾ-കൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എൻറെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല, ശിക്ഷ നിൻറെ കൂടാരത്തിനു സമീപിക്കു-കയുമില്ല.

എന്തെന്നാൽ നിൻറെ സകല വഴികളിലും നിന്നെ കാക്കേണ്ടതിനായിട്ടു അവൻ തൻറെ മാലാഖമാരോട് നിന്നെക്കുറിച്ച് കൽപിക്കും.

നിൻറെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട് അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും, ഹർമ്മോനോ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എൻറെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോട് കൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനി-ക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എൻറെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

മസ്മൂർ 121

ഞാൻ പർവ്വതത്തിലേക്ക് എൻറെ കണ്ണുകളെ ഉയർത്തും. എൻറെ സഹാ-യക്കാരൻ എവിടെ നിന്നു വരും.

എൻറെ സഹായം ആകാശവും, ഭൂമിയും സൃഷ്ടിച്ച കർത്താവിൻറെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻറെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻറെ കാവൽ-ക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിൻറെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

നിൻറെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തൻറെ വലതു-കൈകൊണ്ട് നിനക്കു നിഴലിടും.

പകൽ സൂര്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവി-ക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും. കർത്താവ് നിൻറെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിൻറെ ഗമനത്തേയും നിൻറെ ആഗമനത്തേയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബ്ഹോ... ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഉ ഹാലേലുയ്യാ.

മെൻ ഓലം വ് അദാമോ ല് ഓലം ഒൽമീൻ ആമ്മീൻ

മോർ സേവേറിയോസിൻറെ അപേക്ഷ

മഹോന്നതൻറെ മറവിലിരിക്കുന്നവനായ കർത്താവെ! നിൻറെ കരുണ-യിൻ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമെ.

സകലവും കേൾക്കുന്നവനെ നിൻറെ കരുണയാൽ നിൻറെ ദാസരുടെ അപേക്ഷ നീ കേൾക്കണമെ.

മഹത്വമുള്ള രാജാവും, ഞങ്ങളുടെ രക്ഷകനുമായ മ്ശിഹാ! നിരപ്പു-നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിൻറെ അടുക്കലേക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവു-മായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവെ! നിൻറെ കരുണ ഞങ്ങളെ മറച്ച് നിൻറെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിൻറെ സ്ലീബാ ദുഷ്ടനിൽ നിന്നും അവൻറെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിൻറെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമെ.

നിൻറെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിൻറെയും, സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമെ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമെ.

ക്രോബേന്മാരുടെ സ്തുതിയുടെ കൌമാ

എന്നേയ്ക്കും തന്റെ ഇടത്തുനിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു.

എന്നേയ്ക്കും തന്റെ ഇടത്തുനിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു.

എന്നെന്നേക്കും തന്റെ ഇടത്തുനിന്ന് കർത്താവിൻറെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയുള്ളവനും നിൻറെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി!

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി!

എന്നേയ്ക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി!, ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻറെയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻറെയും സൃഷ്ടാവായ സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിൻറെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ഞങ്ങൾക്കും, ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി, വിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായി തീർന്ന്

മനുഷ്യനായി പൊന്തിയോസ് പീലാത്തോസിൻറെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറി തൻറെ പിതാവിൻറെ വലതുഭാഗത്ത് ഇരുന്നവനും ജീവനുള്ള-വരെയും, മരിച്ചവരെയും വിധിപ്പാൻ തൻറെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തൻറെ രാജ്യത്വത്തിന് അവസാനമില്ലാത്തവനുമായ യേശുമ്ശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമേയുള്ളൂ എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. *ആമ്മീൻ.* *ബാറെക്മോർ, സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ*

ധൂപപ്രാർത്ഥനകൾ

ദൈവമാതാവ്

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ- ഹാ-
നിൻ വലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ ഹാ- ഹാ-
നിൻ ജനമോർക്കായ്ക്കു പിതൃഗൃഹവും. ബാറെക്മോർ.
ശുബഹോ.. മെൻഓലം...

എക്ബോ

ഭക്തർ പുകഴ്ചാ! ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൌമെൻ... കുറിയേ...

കോലോകൾ

മന്നമകൾക്കായി ശ്ലോമ്മോ
വന്നേകി ദൂതവരൻ
നിന്നോടുകൂടെൻ നാഥൻ നി-
ന്നിൽ ത-ന്നുദയമതും. ബാറെക്മോർ. ശുബ്ഹോ...

അഖില ജഗൽപതിയെ നായക-
നായേറ്റി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ. മൊറിയോ...

(അല്ലെങ്കിൽ)

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീ-ഹന്മാ-ർക്കും നൽ സഹദേ-ന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെയ്ക്കും കാലം തോറും
എന്നേയ്ക്കും നല്ലോ-രോർമ്മയതുണ്ടാ-കട്ടെ.
ബാറെക്മോർ. ശുബ്ഹോ...

തിരുവുള്ളത്താൽ ക-ന്യകയാം മറിയാ-മ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴി നേ-രാക്കി
രക്ഷിച്ചവൾ തന്നോ-ർമ്മക്കൗന്നത്യം ചേർത്ത
സുതനായ് സ്തോ-ത്രം പ്രാർത്ഥിക്കട്ടവൾ ഞ-ങ്ങൾക്കായ്.
മൊറിയോ...

(അല്ലെങ്കിൽ)

മറിയാമിന്നോർമ്മ - വാഴ്വായ് തീരണമേ
അവൾ തൻ യാചനകൾ - കോട്ടയതാകട്ടെ. ബാറെക്മോർ.
ശുബഹോ...

ദൈവസുതൻ ജനനീ കന്യകമറിയാമി-
ന്നോയാർ മുഴുവനിലും - പരിമളമേകുന്നു. മൊറിയോ...

(അല്ലെങ്കിൽ)

സ്വീകരണം നേടി - ദൈവത്തിൻ മാതാവാ-
യിക്ഷിതി ശാപത്തെ - നീക്കിയ കന്യകയേ!
ശാന്തിക്ഷേമങ്ങൾ - സഭയിലുമെങ്ങും വാണീ
ടാനേകാത്മജനോ - ടഭ്യർത്ഥിക്കണമേ. ബാറെക്മോർ.
ശുബഹോ...

ക്രോബേസ്രാപ്പികൾതൻ-സവിധം വിട്ടവതരണം
ചെയ്താക്കന്യക ത-ന്നുദരേ വാണോനേ!
ആദാമ്യരെ സാത്താൻ-മൃതിയിവതന്നടിമയിൽ നി-
ന്നേറ്റിടുവാൻ മെയ്യേ-ന്തിയ വീരാ സ്തോത്രം. മൊറിയോ

ബോവൂസോ

മോറാനേശു! കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളേയും മായ്ച്ചീടേണം.

(അല്ലെങ്കിൽ)

നിർത്തീടരുതേ മാതാവേ
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നീടാൻ
ഏകാത്മജനോടർത്ഥിക്ക.

## പരിശുദ്ധന്മാർ

ദെക്ലാ പോലെ തളിർത്തിടുമേ നയവാൻ ഹാ-
വളരുമവൻ ലെബനോൻ തൻ കാരകിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ – ഹാ-
വർദ്ധിക്കുമവർക്കു തുഷ്ടി-പുഷ്ടികളും.   ബാറെക്മോർ.
ശുബഹോ... മെൻഓലം...

എക്ബോ

ഒരുപോലിങ്ങും മോർ (.......)
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ

ഓർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൌമെൻ... കുറിയേ...

കോലോകൾ

പ്രാർത്ഥനയിൻ സമയമിതല്ലോ മോർ (......)
പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴത്തേണം.
ബാറെക്മോർ. ശുബ്ഹോ...

നിന്നെ വരിച്ചൊരു താതന്നും മോർ (.....)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി ചൂടീടുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയോടെ ഞങ്ങൾക്കെന്നും.
മൊറിയോ...

(അല്ലെങ്കിൽ)

ഭാഗ്യം നിബിയർക്കും - ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും പുനരുത്ഥാനദിനേ. ബാറെക്മോർ.
ശുബ്ഹോ...

മ്ശിഹായെക്കാണ്മാൻ-കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ-പൂണ്ടുന്നതപദമേറി. മൊറിയോ..

ബോവൂസോ

പരിശുദ്ധന്മാരേ! നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

## ക്യംത രാത്രി നമസ്കാരം

കൌമാ

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ! നിൻറെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനെ നിൻറെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങ-ളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവെ സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്ക-പ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവ-രായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ... ആമ്മീൻ.

മസ്മൂർ 133, 118, 116

ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിൻറെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിൻറെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ. നിങ്ങൾ ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എൻറെ സ്തുതി നിൻറെ മുമ്പാകെ പ്രവേശിക്കട്ടെ. നിൻറെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ. എൻറെ അപേക്ഷ നിൻറെ മുമ്പാകെ പ്രവേശിക്കട്ടെ. നിൻറെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എൻറെ നാവു നിൻറെ വചനത്തെ ഉച്ചരിക്കും. എന്തെന്നാൽ നിൻറെ കൽപനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നീ നിൻറെ കൽപനകൾ എന്നെ പഠിപ്പിക്കുമ്പോൾ എൻറെ അധരങ്ങൾ നിൻറെ സ്തുതികൾ ഉച്ചരിക്കും. ഞാൻ നിൻറെ കൽപനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിൻറെ കൈ എന്നെ സഹായിക്കും.

എൻറെ ആത്മാവു നിൻറെ രക്ഷക്കായിട്ടു കാത്തിരുന്നു. നിൻറെ വേദ-പ്രമാണത്തെ ഞാൻ ധ്യാനിച്ചു.

എൻറെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കുകയും നിൻറെ ന്യായ-വിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിൻറെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ ഞാൻ നിൻറെ കൽപനകളെ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻറെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാ-കുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബ്ഹോ... മെനഗാ...

നമ്മുടെ രക്ഷകനാ-
കബറീന്നുയിർ പൂണ്ടി-
ങ്ങേറ്റൊരു രാവിൽ
നാമെല്ലാരു മുറക്കമുണർ
ന്നൊന്നായ് സ്തുതി പാടീടേണം

ഞായർ ദിവസമതിൽ
ദൈവസുതൻ കബറി
ന്നുള്ളിന്നേറ്റു
സ്തുതി സകലാധിപനെന്നേവം
സഭയും മക്കളുമാർക്കുന്നു

മൂന്നാം നാൾമൃതരീ
ന്നുയിർ പൂണ്ടേറ്റവനാം
മശിഹാ പാപ

ക്കുഴിയിൽ നിന്നും മരണത്തിൽ
നിന്നും ഞങ്ങളെയേറ്റേണം

യൗനാൻ തൻ സാദൃ-
ശ്യം പോൽ മുപ്പകലും
രാവും ഭൂ-വി
ന്നുൾ മേവിത്താൻ മൂന്നാം നാൾ
ജീവിച്ചുയിർത്തെഴുന്നേറ്റു. ബാറെക്മോർ. ശുബ്ഹോ.........

ജയവീര്യത്തോടാ-
ക്കബറീന്നേറ്റവനാം
അപ്രത്യക്ഷൻ
തന്നാദ്യന്തവിഹീനസുത-
ന്നായി സ്തുതി നാമേറ്റേണം

കുറിയേലായിസോൻ. കുറിയേലായിസോൻ.
കുറിയേലായിസോൻ.

ഒന്നാം കൗമാ

നാഥാ! സഭയെ കൃംതായാൽ
മോദിപ്പിച്ചോനേ! സ്തോത്രം സ്തൗമെൻകാലോസ്.....

### *കോലോ (ദഹ്ത്തോലോനെഹ്ത്തെ)*

വിണ്ണുലകിന്നരചൻ താൻ
തൻസഭയേപ്പണിതതിനെ
ആക്കിത്തന്നാസ്ഥാനം
പുക്കതിനുള്ളേ വാണു
കർത്താ തന്നോടു സംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയുൾപുകട്ടെയിതാ
താനതിൽ മേവീടുന്നു.
അം ഹാലേലുയ്യാ
വ് ഹാലേലുയ്യാ
സഭയെ വളർത്തുന്നവനേ!
കൃപചെയ്തീടടിയാരിൽ.   ബാറെക്മോർ -

(ശുബഹോ) - മെൻഓലം വാദാമൊൽ ഓലം
ഓൽമീനാമ്മീൻ

മശിഹാ തൻ മണവാട്ടി
ആയിടും ശുദ്ധസഭ
ഭാഗ്യങ്ങൾ പൂർണമതാം
പറുദീസാ സദൃശമഹോ
മമോദീസായുമതിൽ
സഹദേർ തന്നസ്ഥികളും
പൂജാ പീഠവുമുണ്ട്
ഏന്തിജ്ജീവോഷധിയെ
അം ഹാലേലുയ്യാ
വ് ഹാലേലുയ്യാ
ഭാഗം ചെയ്തേകീടും
കഹനേന്മാർകളുമുണ്ട്.

***മറ്റൊരു കോലോ ( ആബോക്സബ്വൊ)***

രക്ഷാകരനേ നിന്റെ മുഖം
കാണ്മതിനു വിരോധിക്കല്ലേ.
നിന്നുത്ഥാനം ക-
ണ്ടാസ്ത്രീവർഗത്തോ-
ടടിയാർ മണവറയുള്ളിൽ പൂ-
ക്കാനന്ദിപ്പാറാകേണം.

ശാപപ്പെട്ടാ യൂദന്മാർ
ആണികൾ വീക്കിയ തൃക്കൈകൾ
കടമാകും കടലീ-
ന്നടിയാരെക്കേറ്റി
നിന്ദ്യത്തിന്മക്കുപത്തിൽ
നിന്നിങ്ങു വലിച്ചീടേണം. ബാറെക്മോർ -

ശുബഹോ) - മെൻഓലം വാദാമൊൽ ഓലം
ഓൽമീനാമ്മീൻ

ചിന്തപ്പെട്ടാനിൻ രക്തം
ഞങ്ങടെ കറകൾ തുടച്ചെല്ലാം

നിൻ തിരുമേനി പൊറു-
പ്പിച്ചിമുറിവുകളെ
സ്കീപ്പാമേൽ വേറായാനി-
ന്നുയിരടിയാരേ ചേർക്കേണം. മൊറിയോ.......

***മോർ യാക്കോബിന്റെ ബോവൂസൊ***

ഉത്ഥാനത്താൽ തൻ സഭയെ വീണ്ടാനാം പുത്രാ!
നിൻശൈനോ നല്കിത്തൻ പ്രജയെ കാക്കേണം നീ

ദൂതവ്യൂഹം മന്നനുമാനം നൽകാനെത്തി
ഗബ്രിയേല്യർ രക്ഷകസവിധം കാഹളമൂതി

തിരുവുള്ളത്താൽ നിദ്രാവശനായെഴുനേറ്റോനാം
ഉണർവുള്ളോനേ ക്കാണാൻ വാനവൃന്ദം താണു.

ഞങ്ങൾക്കായി പീഡാമരണം കൈക്കൊണ്ടേറ്റ
ദീപ്ത്യാ ജീവൻ പ്രാപിച്ചോനേ സ്തോത്രമരൂപി

താതൻ റൂഹായെന്നിവരൊപ്പം രക്ഷകാ! നിന്നെ
ജീവിപ്പോരും മൃതരും വാഴ്ത്തും കൃപചെയ്യേണം

വിൺമൺപോകർക്കൈക്യം നല്കീടും ശൈനോനി-
ന്നുത്ഥാനത്താൽ നിൻസഭയിൽ ശൈനോ നൽകേണം.

***രണ്ടാം കൗമാ***

വാ-ഗ്ദാനംപോൽ ജീവൻ പൂണ്ടവരേയും
മോ-ദിപ്പിച്ചോൻ മശിഹാനാ-ഥൻ ധന്യൻ സ്
തൗമെൻകാലോസ്.........

കോലോ (ല്മൽകൂസ് റൌമ്മ )

ക്രൂശിൽതൂക്കി-
ച്ചാ സെഹോനേ നീ-
ക്കിയ മ്ശിഹാ സ്തുത്യൻ
സഭയേ ഒത്തു വിവാഹം താൻ
സഭതന്നെ സ്തുതി ചെയ്തേറ്റം

എത്തിജ്ജാതിളെല്ലാ ദേ-
ശത്തീന്നും സ്തുതിപാടിത്തൻ
ഉത്ഥാനത്തിൽ മോദിക്കുന്നു. ബാറെക്മോർ ശുബ്ഹോ.........

വെള്ളങ്കിക്കാ-
രാം പ്രഭ പൂണ്ടോരെ
ക്കബറിനടുക്കൽക്കാ
വൽക്കാർ കണ്ടിട്ടങ്ങോടി
കണ്ടാലും മുദ്രക്കല്ലാൽ
മൂടിയവൻ കബറിൽ നിങ്ങൾ
മിന്നൽക്കൊപ്പം നിൽക്കുന്നു
എന്നും ചൊല്ലിപ്പുക്കുർശ്ളേമിൽ. മൊറിയോ........

മോർ അപ്രേമിന്റെ ബോവൂസൊ

ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ
നത്താൽ തന്നോനാം പുത്രാ!

ഇപ്പെരുന്നാളിൽ കർത്താവേ!
നിൻകോപത്തെ നീക്കേണം
ഇപ്പെരുന്നാളിൽ കർത്താവേ!
നിർമലരാകേണം ഞങ്ങൾ

ഇപ്പെരുന്നാളിൽ കർത്താവേ!
തരണം ഞങ്ങൾക്കുൾവെണ്മ
സ്തുതി പെരുനാൾകൾക്കീശന്നും
മുടിയവയെ ചൂടുന്നോനും.

ശുദ്ധികൾ നാഥാ! ശുദ്ധാ നീ-
ന്നൊടു താതന്നും റൂഹായ്ക്കും
ഹാലേലുയ്യാ പാടാൻ ഞ-
ങ്ങൾക്കേകീടേണം ശുദ്ധി.

അടിയാരേയുത്ഥാനത്താൽ
രക്ഷിച്ചോനാം മ്ശീഹാ! നീ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

ഞങ്ങൾ തൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾ മേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ
നത്താൽ തന്നോനാം പുത്രാ!

മൂന്നാം കൗമാ

കർത്താവേ! നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും
കുറ്റങ്ങൾ മാറ്റീടേണം. സതൗമെൻ........

***കർത്താവേയാശ്വാസം നൽക***

ഉത്ഥാനത്തിൻ നാളോളം
താൽക്കാലികമാമിജ്ജീവൻ-

വിട്ടപിതാക്കൾക്കും
ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ
നൽകീടാശ്വാ-സം
അവരെയോർക്കും നാൾ കബറു-
സ്ഥികളറിയേണം
നിൻ കൽപന മൺമയരാമാ-
ദാമ്യർക്കുയിരേകീടുമ്പോ-ൾ
കാന്തിയണഞ്ഞിട്ടവർ നിന്നോ-
ടൊപ്പം മണവറയിൽ പുകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം. ബാറെക്മോർ
ശുബ്ഹോ.........

ആർക്കായ്ക്കാഴ്ചകളിവിടെയണ-
യ്ക്കുന്നോ ഭാഗ്യമവനേറ്റം
മേൽസ്വർഗത്തിലവ-
നോർമയതുണ്ടാ-കും
ഗോത്രപ്പേരുകളോർമ്മയ്ക്കായ്

കർത്താവിൻ മുൻപിൽ
കാണ്മാൻ കല്ലുകളിൽ മൂശ
കൊത്തിയതോർക്കു-മ്പോൾ
നിങ്ങൾ തൻമതർ പേരുകളെ
ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും, മേൽ സ്വർഗത്തിൽ
മ്ശീഹാതൻ വരവിൽ തന്നോ
ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്ത്താ-യിൽ. മൊറിയോ....

മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ, പുതുതാക്കീടണമെ

നിന്നിൽ ശരണത്താൽ, നിദ്രയിലായ് നിൻറെ
വരവിനു കാത്തീടും, മൃതരിൽ കനിയണമേ.

അവരബ്രാഹത്തി-ൻറെയുമിസാഹാക്കുടെയും
യാക്കോബിന്നുടെയും, മടിയിൽ പാർക്കണമേ.

ST. MARY'S KNANAYA CHURCH TAMPA

വന്നവനും വരുവോനും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാത്മാക്കൾ പാടണമെ.

ഹാലേ- ഹാലേ- ഹാലേ- ശുബഹോലോക്ക് ആലോഹോ(3 പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിൻറെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

നാം ദൈവത്തിൻറെ മക്കളായി തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ, കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ.

മൊറിയോ...

മാവുർബോ

മറിയാം പറഞ്ഞതെന്തെന്നാൽ, എൻറെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എൻറെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തൻറെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമം ഉള്ളവനും ആയവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവൻറെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻറെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയ-വിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിച്ചു. അവൻ ബലവാ-ന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി

അയക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരോടും അബ്രാഹാമിനോടും അവൻറെ സന്തതിയോടും സംസാരിച്ചപ്രകാരം എന്നേക്കും തൻറെ കരുണയെ ഓർത്തുകൊണ്ട് അവൻറെ ദാസനായ ഇസ്രായേലിനെ സ ഹായിക്കുകയും ചെയ്തു

ബാറെക്മോർ. ശുബഹോ... മെനഓ...

ഹാ! നിൻഭാഗ്യം ദാവീദിൻ
മകൾ മറിയാമേ!
ദൈവം നിന്നിൽ നിന്ന് ശരീരം പൂണ്ടി
ട്ടാദാമ്യരെ യടിമയൊഴി-
ച്ചെല്ലാം വീണ്ടു
നി-ബി ശ്ലീഹന്മാർ
നയവാന്മാർ
ആചാര്യന്മാർ- ലേവിയരായോരെ

പ്രാർത്ഥിപ്പിൻ മ്ശിഹാ കൃപചെയ്യ്
വാൻ ഞങ്ങളുടെ മേൽ

നിൻ ഗാത്രം ഭക്ഷിച്ചും നിൻ
രക്തം പാനം ചെയ്തും
ശരണത്താൽ മൃതരായോർക്കാ-ശ്വാ-
സ-ത്തോ-ടോർമ്മയുമലിവോടുള-
വാക്കെൻ നാഥാ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം

മാ-ലാ-ഖ നാഥാ! നിന്നുടെ
മാതാതാനും
പരിശുദ്ധന്മാരുമണയ്ക്കും പ്രാർത്ഥനയാൽ
ശു-ശ്രൂ-ഷകൾ കൈക്കൊ-
ണ്ടരുൾ ചെയ്യേണം

മസ്മൂർ 132

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൌന്ദ-ര്യവുമാകുന്നു.

അത് അഹറോൻറെ തലയിലും അവൻറെ അങ്കിയുടെ മേൽ വീണു കിടക്കുന്ന അവൻറെ താടിയിലും ഒഴുകുന്ന അഭിഷേകതൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കൽപ്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ... മെനഓ...

എനിയോനൊ

ദൈവമാതാവിനു ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്കു ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

കർത്താവേ! നിൻറെ സഹദേന്മാരുടെ തുറമുഖത്തിനും നിൻറെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കേണമേ.

ദയാവാനും കരുണ നിറഞ്ഞവനുമേ! നിൻറെ ന്യായവിധിയുടെ ദിവസ-ത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമേ.

തന്നെ വിളിക്കുന്ന പാപികൾക്കു തൻറെ കരുണയെ വിരോധിക്കാത്ത-വൻ വാഴ്ത്തപ്പെട്ടവനാകുന്നു.
ബാറെക്മോർ. ശുബഹോ...

കർത്താവേ! വിശ്വസ്ത സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകുമാ-റാകണമേ. മെനഓ...

നിൻറെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിൻറെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.

വേറൊരു എനിയോനോ

കന്യകയായ ദൈവമാതാവേ! എല്ലാക്കാലത്തും എല്ലാനേരത്തും നിൻറെപ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.

കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ നിൻറെ പരിശുദ്ധന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽ നിന്നു മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമ്ശീഹാ! നിൻറെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

ദൈവവചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിൻറെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിൻറെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാളുകളൊക്കെയും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ചു വന്ദിച്ചു മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്നതായ നിൻറെ വലിയ ദിവസത്തിൽ നിൻറെ വലതുഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിൻറെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിൻറെയും ജീവൻറെയും നാഥനായ കർത്താവേ! നിൻറെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെയും മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ. കർത്താവേ! കൃപ ചെയ്തു സഹായിക്കണമേ.

ഉറങ്ങിയവരെ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ.

മസ്മൂർ 148

ആകാശത്തിൽ നിന്നു കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവൻറെ സകല ദൂതന്മാരുമെ! അവനെ സ്തുതിപ്പിൻ. അവൻറെ സകല സൈന്യങ്ങളുമെ! അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശവും ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങ-ളുമായുള്ളോവെ! അവനെ സ്തുതിപ്പിൻ. അവ കർത്താവിൻറെ നാമ-ത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെ-ടുത്തി. അവൻ ഒരു നിയമത്തെ നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, തൽഗോയും, ഗ്ലീദോയും അവൻറെ

വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളുമെ! കർത്താവിനെ സ്തുതിപ്പിൻ.

പർവതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷി-കളും, പറവകളുമെ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജാതികളും, ഭൂമിയിലെ പ്രഭുക്ക-ന്മാരും, സകല ന്യായാധിപതിമാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൌവനക്കാരുമായുള്ളോരെ! കർത്താവിനെ സ്തുതി-പ്പിൻ. ഇവർ കർത്താവിൻറെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻറെ നാമം മാത്രം വലിയതാകുന്നു, അവൻറെ മഹത്വം ഭൂമിയിലും ആകാശത്തിലും വ്യാപിച്ചിരിക്കുന്നു. അവൻ തൻറെ ജനത്തിൻറെ കൊമ്പിനെയും തൻറെ സകല നീതിമാന്മാർക്കും തൻറെ

സ്വന്ത ജനമായ ഇസ്രയേൽ പുത്രന്മാർക്കും മഹത്വത്തെയും ഉയർത്തുന്നു.

മസ്മൂർ 149

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവൻറെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തൻറെ സൃഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോൻറെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും അവൻറെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തൻറെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും ജാതികൾക്ക് ശിക്ഷയും ചെയ്യുവാനും അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പു ചങ്ങലകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവൻറെ സകല നീതിമാന്മാർക്കും മഹത്ത്വമുണ്ടാകുവാനുമായിട്ടു അവാരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

മസ്മൂർ 150

കർത്താവിനെ അവൻറെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവൻറെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവൻറെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവൻറെ ശ്രേഷ്ഠത-യുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിൻറെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തമ്പുരുകളാലും, വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും, ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള

കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും, ആർപ്പുവിളികളാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങ-ളുമെ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻറെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താ-വാകുന്നു. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ... മെനഓ...

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.